# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ. **118/2026** തിരുവനന്തപുരം, തീയതി: **10/06/2026**

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2026-27

### ബി.എ. മ്യൂസിക് (വോക്കൽ) കോഴ്സുകളിലേക്ക് ഏകീകൃത അഭിരുചി പരീക്ഷയും പ്രവേശന ഷെഡ്യൂളും പ്രഖ്യാപിച്ചു.

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജ് (തിരുവനന്തപുരം), ഗവ. വനിതാ കോളേജ് (തിരുവനന്തപുരം), എച്ച്.എച്ച്. മഹാറാണി സേതു പാർവ്വതി ബായി എൻ.എസ്.എസ്. വനിതാ കോളേജ് (നീറമൺകര), എസ്.എൻ. *വനിതാ കോളേജ്,* (കൊല്ലം) എന്നീ നാല് കോളേജുകളിലെയും **ബി.എ. മ്യൂസിക് (വോക്കൽ)**പ്രവേശനത്തിനായി **ഇത്തവണ ഏകീകൃത അഭിരുചി പരീക്ഷ (Common Aptitude Test)** **ശ്രീ.സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിൽ** വച്ച് നടത്തുന്നതാണ്. അഭിരുചി പരീക്ഷയിലെ മാർക്കും വിദ്യാർത്ഥികളുടെ കോളേജ് മുൻഗണനകളും (Preferences) പരിഗണിച്ചായിരിക്കും അന്തിമ റാങ്ക് ലിസ്റ്റ് തയ്യാറാക്കുക.

വിവിധ കോഴ്സുകളുടെ അഡ്മിഷൻ ഷെഡ്യൂൾ താഴെ നൽകുന്നു:

1. ബി.എ. മ്യൂസിക് (വോക്കൽ)

***(ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജ്, ഗവ. വനിതാ കോളേജ്, തിരുവനന്തപുരം, എൻ.എസ്.എസ്. വനിതാ കോളേജ്,** നീറമൺകര, **എസ്.എൻ. വനിതാ കോളേജ്, കൊല്ലം)***

| ഘട്ടങ്ങൾ | തീയതി |
|---|---|
| ഏകീകൃത അഭിരുചി പരീക്ഷ (Aptitude Test) | **17.06.2026 മുതൽ 19.06.2026 വരെ ശ്രീ.സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിൽ വച്ച് .** (അപേക്ഷ സമർപ്പിച്ച ഓരോ വിദ്യാർത്ഥിയും ഏത് തീയതിയിൽ ഹാജരാകണം എന്ന വിശദമായ ഷെഡ്യൂൾ 15/06/2026 ന് 5 മണിക്ക് മുൻപായി സർവകലാശാല വെബ്സൈറ്റിൽ |

| ഘട്ടങ്ങൾ | തീയതി |
|---|---|
| | (പ്രസിദ്ധീകരിക്കുന്നതാണ്.) |
| അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം | 22.06.2026 |
| അഡ്മിഷൻ തീയതി | 24.06.2026 |
| ക്ലാസുകൾ ആരംഭിക്കുന്നത് | 01.07.2026 |

*2. ശ്രീ സ്വാതി തിരുനാൾ ഗവ. സംഗീത കോളേജ് (ബി.എ. ഡാൻസ്, വയലിൻ, വീണ, മൃദംഗം)*

| കോഴ്സ് | അഭിരുചി പരീക്ഷാ തീയതി | അഡ്മിഷൻ തീയതി |
|---|---|---|
| ബി.എ. ഡാൻസ് | 17.06.2026, 18.06.2026 | 24.06.2026 |
| ബി.എ. വയലിൻ | 19.06.2026 | 24.06.2026 |
| ബി.എ. വീണ | 19.06.2026 | 24.06.2026 |
| ബി.എ. മൃദംഗം | 19.06.2026 | 24.06.2026 |

**അപേക്ഷകർ അഭിരുചി പരീക്ഷയ്ക്കായി നിശ്ചിത തീയതികളിൽ സ്വാതി തിരുനാൾ കോളേജിലും അഡ്മിഷൻ എടുക്കുന്നതിലേക്കായി നിശ്ചിത തീയതികളിൽ ആവശ്യമായ രേഖകൾ സഹിതം അതത് കോളേജുകളിലും ഹാജരാക്കേണ്ടതാണ്.** കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് (admissions.keralauniversity.ac.in/fyugp2026/) സന്ദർശിക്കുക.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം ന്യൂ ജനറേഷൻ ഡബിൾ മെയിൻ ജൂലൈ 2026 (2023 അഡ്മിഷൻ മുതൽ 2021 അഡ്മിഷൻ വരെ – സപ്ലിമെന്ററി, 2020 അഡ്മിഷൻ - മേഴ്സി ചാൻസ്), ഡിഗ്രി പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരള സർവകലാശാല 2025 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (റഗുലർ/ സപ്ലിമെന്ററി ഫുൾ ടൈം/ ട്രാവൽ & ട്യൂറിസം - 2020 സ്കീം, റഗുലർ: ഡിസാസ്റ്റർ മാനേജ്മെന്റ് - 2023 സ്കീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തര കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ 2026 ജൂൺ 20 വരെ സ്വീകരിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>ടൈംടേബിൾ</u>

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (351). മാർച്ച് 2026 പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>സ്പോട്ട് അഡ്മിഷൻ</u>

കേരള സർവകലാശാലക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജെൻറ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്ട്രീമിൽ, എം.ബി.എ. - ജനറൽ (ഈവനിംഗ് - റെഗുലർ) (2026-28 ബാച്ച്) പ്രവേശനത്തിന് താഴെപ്പറയുന്ന ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇൻഡസ്ട്രി/സർവീസ് സെക്ടറിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ബിരുദധാരികൾക്കു പങ്കെടുക്കാവുന്നതാണ്. (ഒഴിവുകൾ, ഓപ്പൺ കാറ്റഗറി – 13, SEBC ഈഴവ- 2, SEBC മുസ്ലീം - 2, SEBC OBH – 1, SEBC -SIUC/LC/OBX -1, BPL (EWS) – 3, SC – 5, ST – 1.

താല്പര്യം ഉള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി 20.06.2026 (ശനിയാഴ്ച രാവിലെ 11.00 മണിക്ക് സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും SC/ST വിഭാഗത്തിന് 500/- രൂപയുമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)/
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

***University information is available on*****9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**